"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008-ഭൂമി തരംമാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കലുമായി ബന്ധപ്പെട്ട് വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം 213 ൽ നിന്നും **195** ആയി നിജപ്പെടുത്തിക്കൊണ്ട്, 05.01.2026 തീയതി പുറപ്പെടുവിച്ച സ.ഉ. (സാധാ)നം.29/2026/RD നമ്പർ ഉത്തരവിനെ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

---

**റവന്യൂ (പി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1081/2026/RD തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം.56/2022/RD, തീയതി 22.02.2022.
2. സ.ഉ.(സാധാ)നം.2709/2024/RD, തീയതി 12.11.2024.
3. സ.ഉ.(സാധാ)നം.29/2026/RD, തീയതി 05.01.2026.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 10.03.2026 തീയതിയിലെ LR/3045/2022-LR(R1)Part-IV-1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഭൂമിതരം മാറ്റവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപേക്ഷകൾ അതിവേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി ഫീൽഡ് പരിശോധനയ്ക്കായി ആദ്യ ഘട്ടത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം **340 വാഹനങ്ങൾ** അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം **213 വാഹനങ്ങൾ** ഒരു വർഷത്തേക്ക് കൂടി വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ കാലാവധി അവസാനിച്ചതിനാൽ, സംസ്ഥാനത്തെ ഭൂമിതരം മാറ്റവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപേക്ഷകളുടെ അതിവേഗത്തിലുള്ള തീർപ്പാക്കലുമായി ബന്ധപ്പെട്ട ഫീൽഡ് പരിശോധനയ്ക്കായി, ഒരു വർഷത്തേയ്ക്കുകൂടി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾക്ക് യഥാക്രമം 9, 5, 1, 3, 1 എണ്ണം വാഹനങ്ങൾ കുറച്ച് മതിയെന്നും, ഇടുക്കി ജില്ലയ്ക്ക് ഒരു വാഹനം കൂടി അധികമായി അനുവദിക്കണമെന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും, ഈ സാഹചര്യത്തിൽ **213** വാഹനങ്ങൾ ഒരു വർഷത്തേക്ക് വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയ ഉത്തരവിലെ വാഹനങ്ങളുടെ എണ്ണം **195** ആയി നിജപ്പെടുത്തിക്കൊണ്ട് പരാമർശം (3)-ലെ ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾക്ക് യഥാക്രമം 9, 5, 1, 3, 1 എണ്ണം വാഹനങ്ങൾ കുറച്ച് മതിയെന്നും, ഇടുക്കി ജില്ലയ്ക്ക് ഒരു വാഹനം കൂടി അധികമായി അനുവദിക്കണമെന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അഭ്യർത്ഥിച്ചിരിക്കുന്നതായി ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ, ഒരു വർഷത്തേക്ക് കൂടി 213 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിലെ വാഹനങ്ങളുടെ എണ്ണം 195 ആയി നിജപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

4.ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ &
പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിററ്/എ&ഇ),
കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കൃഷി (എൻ. സി. എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 10-06-2026 12:56:04
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി. എ.യ്ക്ക്.
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി. എ.യ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്.